# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2651

12.03.2018-ൽ
മറുപടിയ്ക്ക്

### ഐ.എച്ച്.ആർ.ഡി പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനം

*ചോദ്യം*
ശ്രീ.ഇ.പി.ജയരാജൻ

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിലെ വിവിധ സ്ഥാപനങ്ങളിൽ ഓരോന്നിലും എത്ര വീതം പാർട്ട്-ടൈം-സ്വീപ്പർമാർ ജോലിചെയ്യുന്നുണ്ടെന്നും ഓരോരുത്തരും എന്നു മുതൽ പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിലെ വിവിധ സ്ഥാപനങ്ങളിൽ 7 സ്ഥിരം പാർട്ട് ടൈം സ്വീപ്പർമാർ ജോലി നോക്കി വരുന്നു. അവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>1.ശ്രീമതി. അമ്മിണി .പി.,<br>കോളേജ് ഓഫ് അപ്ലൈഡ് സയൻസ്., മാവേലിക്കര — 01/03/1997 മുതൽ<br><br>2.ശ്രീമതി. സാറാമ്മ. എം., കോളേജ് ഓഫ് അപ്ലൈഡ് സയൻസ്., അടൂർ — 01/09/1998 മുതൽ<br><br>3.ശ്രീമത.ജാനകി.ടി,<br>കോളേജ് ഓഫ് അപ്ലൈഡ് സയൻസ്., കോഴിക്കോട്-01/09/1998 മുതൽ |
| (ബി) | ഇത്തരത്തിൽ ജോലി ചെയ്യുന്ന പാർട്ട്-ടൈം-സ്വീപ്പർമാരിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ഏത് ഉത്തരവുകൾ മുഖേന ആരെയൊക്കെ സ്ഥിരപ്പെടുത്തിയെന്നും വ്യക്തമാക്കുമോ; പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | 4.ശ്രീമതി. കല്യാണി. എം.,<br>കോളേജ് ഓഫ് അപ്ലൈഡ് സയൻസ്,കോഴിക്കോട്-01/09/1998 മുതൽ<br><br>5.ശ്രീമതി വിലാസിനി. കെ.പി., കോളേജ് ഓഫ് എഞ്ചിനീയറിംഗ്, അടൂർ-01/09/1998 മുതൽ<br><br>6.ശ്രീമതി.അമ്മിണി. കെ.ഇ.,<br>മോഡൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ,<br>കപ്രാശ്ശേരി-11/10/1999 മുതൽ<br><br>7.ശ്രീമതി. സുജാത പി, ഐ.എച്ച്.ആർ.ഡി. ഹെഡ് ഓഫീസ്-02/02/2015 മുതൽ<br><br>കൂടാതെ സ്ഥാപനമേധാവികൾ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചും സ്ഥാപനത്തിന്റെ ആവശ്യകത പരിഗണിച്ചും താൽക്കാലിക അടിസ്ഥാനത്തിൽ (ദിവസവേതന വ്യവസ്ഥയിൽ) പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്നുണ്ട്. ഐ.എച്ച്.ആർ.ഡി.യുടെ 09/12/2014 ൽ നടന്ന 21-ാമത് ഗവേണിംഗ് ബോഡി യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | 29/01/2015 ലെ ഉത്തരവ് നമ്പർ. ഇ.ബി.2/14391/2012/എച്ച്.ആർ.ഡി. പ്രകാരം ശ്രീമതി.സുജാത പി.യെ സ്ഥിരപ്പെടുത്തി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കൂടാതെ മുകളിൽ പറഞ്ഞിരിക്കുന്ന മറ്റ് ആറ് പാർട്ട്-ടൈം-സ്വീപ്പർമാരെയും അതാത് കാലഘട്ടത്തിലുള്ള ഭരണസമിതിയുടെ തീരുമാന പ്രകാരമാണ് സ്ഥിരപ്പെടുത്തിയത്. |
| (സി) | ഇത്തരത്തിൽ സ്ഥിരപ്പെടുത്തപ്പെട്ട പാർട്ട് -ടൈം-സ്വീപ്പർമാർക്ക് നൽകുന്ന പ്രതിമാസ വേതനം എത്രയാണെന്നു വ്യക്തമാക്കുമോ? | (സി) | ഐ.എച്ച്.ആർ.ഡി യിൽ നടപ്പിലാക്കിയിട്ടുള്ള 9-ാം ശമ്പള കമ്മീഷൻ പ്രകാരം 4250-6700/- സ്കെയിലിലെ ശമ്പളമാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ്
## പ്രജോ ടവേഴ്സ്, വഴുതക്കാട്,
## തിരുവനന്തപുരം - 14
### <u>നടപടിക്രമം</u>

ഐ.എച്ച്.ആർ.ഡി- സ്ഥിര നിയമനം- ശ്രീമതി. സുജാത.പി-യെ ഐ.എച്ച്.ആർ.ഡി യിൽ 4250-6700/-.രൂപ ശമ്പള നിരക്കിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നമ്പർ.ഇബി2/14391/2012/ എച്ച്ആർ.ഡി** **തീയതി, തിരുവനന്തപുരം,29.01.2015**

---

പരാമർശം:- 1. ശ്രീമതി. സുജാത.പി, 23.11.2012 ന് സമർപ്പിച്ച അപേക്ഷ.
2. ഐ.എച്ച്.ആർ.ഡി. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14.05.2013 ൽ നടന്ന 88 -ാംമത് യോഗത്തിന്റെ മിനിറ്റ്സ്
3. ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡിയുടെ 17.12.2013 ൽ നടന്ന 20-ാംമത് യോഗത്തിന്റെ മിനിറ്റ്സ്
4. ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡിയുടെ 09.12.2014 ൽ നടന്ന 21-ാം മത് യോഗത്തിന്റെ മിനിറ്റ്സ്

### <u>ഉത്തരവ്</u>

1) ശ്രീമതി. സുജാത.പി സൂചന (1) പ്രകാരം ഐ.എച്ച്.ആർ.ഡിയിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. സൂചന (2) പ്രകാരം ടിയാളുടെ ആവശ്യം ഗവേണിംഗ് ബോഡിയിൽ വച്ച് അംഗീകരിക്കാൻ തീരുമാനിച്ചു. എന്നാൽ 17.12.2013 ന് നടന്ന യോഗത്തിൽ പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്താൻ ഉള്ള സർക്കാർ ഉത്തരവ് പരിശോധിച്ച് സ്ഥിര നിയമനം നൽകാനുള്ള പ്രപ്പോസൽ ഗവേണിംഗ് ബോഡിയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. ടി ഉത്തരവ് പ്രകാരം പ്രപ്പോസൽ 09.12.2014 ൽ നടന്ന ഗവേണിംഗ് ബോഡി മുമ്പാകെ സമർപ്പിക്കുകയും ടി യോഗത്തിൽ ശ്രീമതി സുജാത.പിയ്ക്ക് സ്ഥിര നിയമനം നൽകാൻ തീരുമാനമെടുക്കുകയും ചെയ്തു.

2) മേൽ പറഞ്ഞ തീരുമാന പ്രകാരം ശ്രീമതി. സുജാത.പി, മേലെ കുഴിവിള വീട്, റ്റി.സി,8/1253/4, വലിയവിള, തിരുമല പി.ഒ, തിരുവനന്തപുരം-695006 എന്ന അപേക്ഷകയെ 4250-6700/- രൂപ ശമ്പള നിരക്കിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഐ.എച്ച്.ആർ.ഡി. ഹെഡ് ഓഫീസിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു. ടിയാൾ ഐ.എച്ച്.ആർ.ഡി സർവ്വീസ് റൂൾസിനും ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ബാധകമായിട്ടുള്ള മറ്റു നിയമങ്ങൾക്കും വിധേയയായിരിക്കും.

3) ഡ്യൂട്ടിയിൽ പ്രവേശിച്ച ദിവസം മുതലുള്ള രണ്ടു വർഷ കാലയളവിൽ ശ്രീമതി. സുജാത.പി പ്രൊബേഷനിലായിരിക്കും. പ്രൊബേഷൻ കാലാവധി തുടർച്ചയായ 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്

4) ടിയാൾ പ്രസ്തുത ഉത്തരവു ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഐ.എച്ച്.ആർ.ഡി ഡയറക്ടർ മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ ഉത്തരവ് സ്വമേദയാ റദ്ദാകുന്നതാണ്. ടിയാൾ ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.ക്ക് മുമ്പാകെ ജോലിക്ക് ഹാജരാകുമ്പോൾ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. ജനന തീയതിയും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന രേഖകൾ
2. ഒരു സ്റ്റാമ്പു സൈസ് ഫോട്ടോയും ഒരു പാസ് പോർട്ട് സൈസ് ഫോട്ടോയും
3. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ്.
4. ഉദ്യോഗത്തിനു പ്രവേശിക്കാനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (സിവിൽസർജനോ അതിനു മേൽ റാങ്കുള്ള ഉദ്യോഗസ്ഥനോ നൽകിയത് (കെ.എസ്.ആർ. പാർട്ട് -1 റൂൾ 13))

ഡോ.എസ്.ഷീല
ഡയറക്ടർ

To

**ശ്രീമതി. സുജാത.പി**
**മേലെ കുഴിവിള വീട്, റ്റി.സി,8/1253/4,**
**വലിയവിള, തിരുമല പി.ഒ,**
**തിരുവനന്തപുരം-695006**

പകർപ്പ്

1) ഇഎ1 സെക്ഷൻ
2) അഡീഷണൽ ഡയറക്ടർമാർ, ഐ.എച്ച്.ആർ.ഡി.
3) ഫിനാൻസ് ഓഫീസർ
4) സി.എ.1&2
5) കരുതൽ ഫയൽ
6) ഓഫീസ് കോപ്പി

സെക്ഷൻ ഓഫീസർ